# St. Mary's Syrian Knanaya Church

416 Walter Dr, Plant City, FL - 33563

*(Under the Malankara Syrian Knanaya Arch Diocese)*

# പുതുഞായറാഴ്ച

## സന്ധ്യ

### സ്ലൂസോ പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ :- പിതാവിനും പുത്രനും വി: റൂഹായിക്കും സ്തുതി.
പ്രതിവാക്യം :- ബലഹീനന്മാരും പാപികളുമായ.

ദൈവം തമ്പുരാനെ! പരിശുദ്ധവും ജീവദായകവുമായ നിന്റെ വിലാവിൽ നിന്നും ഒഴുകിയ രക്തവും വെള്ളവും മൂലം പുതുക്കപ്പെടുവാൻ ഞങ്ങളെ യോഗ്യന്മാരാക്കണമെ. തോമാ ശ്ലീഹായെപ്പോലെ നിന്നിലുള്ള വിശ്വാസത്താൽ ഞങ്ങളെ ഉറപ്പിക്കണമെ. നിന്നെ കാണാതെ വിശ്വസിച്ചവർക്ക് ഭാഗ്യമെന്നു നീ അരുളിയ ഭാഗ്യങ്ങൾക്ക് ഞങ്ങളും യോഗ്യരാകേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായിക്കും സ്തുതിയും സ്തോ ത്രവും സമർപ്പിക്കുന്നു. ഹോശോ..

St. Mary's Knanaya Church Tampa

### പ്രമിയോൻ

പട്ടക്കാരൻ :- നമെല്ലാവരും പ്രാർത്ഥിച്ചു.
പ്രതിവാക്യം :- അനുഗ്രഹിക്കുന്നവനായ കർത്താവേ!..
പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും........

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ നീക്കുകയും തന്റെ ഉയർപ്പു മൂലം പാപ വീഴ്ച്ചയിൽ നിന്ന് ഞങ്ങളെ എഴുന്നേൽപ്പിക്കുകയും അർത്ഥഗർഭമായ മാളികയിൽ വച്ചു തന്റെ ശിഷ്യന്മാർക്കു സ്വയം പ്രത്യക്ഷനാകുകയും വാതിൽ അടച്ചിരിക്കെ അവരുടെ പക്കൽ കടന്ന് തന്റെ കരതലങ്ങളെയും വിലാവിനെയും കാണിച്ച് തന്റെ പുനരുത്ഥാനത്തെപ്പറ്റി ദൃഢീകരിക്കുകയും തന്റെ മരണം നിമിത്തം അവരെ ബാധിച്ചിരുന്ന സങ്കടത്തിൽ നിന്നും ദുഃഖത്തിൽ നിന്നും അവരെ

ആശ്വസിപ്പിക്കുകയും ചെയ്ത് സജീവനും ജീവദായകനുമായ കർത്താവിനു സ്
തുതി. തനിക്ക്..

### സെദറാ

ദൈവീകമായും അനാദ്യന്തമായും കാലാതീതമായും പിതാവിൽ നിന്നും
അവർണ്ണനീയനായി ഉദിച്ച അദൃശ്യനും അപരിമിതനുമായ ഏകജാതനും
വചനവുമായിരിക്കുന്ന ദൈവമെ! നിനക്ക് സ്തുതി നിന്റെ കൃപയാൽ നീ
ഇറങ്ങിവന്നു മാമോദീസാ പ്രാപിച്ച അനേക സഹോദരന്മാരുടെ
കടിഞ്ഞൂലായിത്തീർന്ന്, ഞങ്ങളെ നിന്റെ സഹോദരന്മാരും
അവകാശികളുമാക്കിത്തീർത്തു. ഞങ്ങൾക്ക്വേണ്ടി നീ മരണവുമായി പോരാട്ടം
ചെയ്തിട്ടു, മൂന്നാം ദിവസം വീറൊടെ ഉയർത്തെഴുന്നേറ്റ്, മരിച്ചവരുടെ
കടിഞ്ഞൂലായിത്തീർന്നു. ആകാശത്തേയും ഭൂമിയേയും നീ സൃഷ്ടിച്ചു.
ദിവസങ്ങളുടെ കടിഞ്ഞൂലായ ഞായറാഴ്ച ദിവസം നിന്റെ ഉയർപ്പുമൂലം
സ്വർഗ്ഗീയരേയും ഭൗമീകരേയും നീ സന്തോഷചിത്തരാക്കി. അവർ നിനക്ക് പുതിയ
സ്തോത്രം സമർപ്പിച്ചു. അന്നു പിശാചിന്റെ അധികാരം തകർന്നു. നിന്റെ
ദൈവത്വത്തിൽ ശരിയായി വിശ്വസിച്ച ജീവനുള്ളവർക്ക് ആശ്വാസമുണ്ടായി
St. Mary's Knanaya Church Tampa
സകലനന്മകളെയും വരുത്തുന്ന ഈ ഞായറാഴ്ച ദിവസം നിന്നെ വന്ദിച്ചു
സ്തോത്രം ചെയ്തുകൊണ്ടു കാരുണ്യവാനായ നിന്റെ സന്നിധിയിൽ ഞങ്ങൾ
അപേക്ഷ സമർപ്പിക്കുന്നു. രക്ഷയുടെ ഉത്ഭവമായ നിന്റെ ഉയർപ്പുദിവസം
മാളികയിൽ നിന്റെ ശിഷ്യന്മാരുടെ പക്കൽ നീ പ്രവേശിച്ച് അവർക്കു പുതിയ
സമാധാനം കൊടുത്ത് ഞങ്ങളുടെ വീഴ്ച്ചയ്ക്കു ശരിയായ പരിഹാരം ഉണ്ടാ
യതായി കാണിച്ചു. ഇന്നു നിന്റെ പുതിയ സഭ നിന്റെ പ്രമാണത്തെ സ്വീകരിച്ച്
നിനക്ക് സ്തുതി പാടി. ഭൂലോകത്തിൽ നിന്റെ സുവിശേഷം അറിയിപ്പാൻ ഇന്നു നീ
അവരിൽ ഊതിയ പരിശുദ്ധാത്മാവിനെ നിന്റെ ശ്ലീഹന്മാർ സ്വീകരിച്ച്. ഈ
സംഗതിയെ മുൻദർശ്ശകരും പ്രവാചകന്മാരും വിദൂരത്തിൽ നിന്ന് കണ്ടിട്ടു, വിവിധ
ദൃഷ്ടാന്തങ്ങളാലും ഉപമകളാലും അറിയിച്ചു. ദൈവം കാണിച്ചുകൊടുത്തതും മോശ
സ്ഥാപിച്ചതും ബസിലീൻ പണിതിട്ടുള്ളതുമായ സാക്ഷിയിൻ കൂടാരത്തിന്റെ
പ്രതിഷ്ഠയാലും ജാതികളുടെ സഭയെ ലക്ഷീകരിക്കുന്നതും ഏശായായ്ക്കു
പുതുക്കികിട്ടിയതുമായ ദ്വീപുകളാലും, അഭിഷേകത്താലും പ്രസംഗത്താലും,
പുതുക്കി കിട്ടിയ ദാവീദിന്റെ രാജ്യഭരണത്താലും, ആണ്ടുതോറും കൊണ്ടാടിവന്നി
രുന്ന ദൈവാലയത്തിലെ പ്രതിഷ്ഠാപെരുന്നാളിനാലും സൂചിപ്പിച്ചിരുന്നു.
ഇവയെല്ലാം ഞങ്ങളുടെ ആത്മാവിൽ രേഖപ്പെടുത്തികൊണ്ട്, നാഥാ! ഞങ്ങളിൽ

വെടിപ്പുള്ള ഹൃദയവും ശുഭമായ ആത്മാവും സദാ പുതുതായി നീ സൃഷ്ടിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആദ്യ ആദാം മൂലം ഞങ്ങൾ ധരിച്ച ജീർണ്ണാവസ്ഥയെ പുതിയ ആദാമാകുന്ന നീ മൂലം ഞങ്ങൾ നീക്കം ചെയ്തിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നവഭൂഷണം ഞങ്ങൾ അണിയുന്നു. ദൈവമായ നീ മൂലം നിർമ്മിക്കപ്പെട്ട പുതിയ മനുഷ്യന്റെ ജീവിതത്തിൽ പുതുതായി ഞങ്ങൾ ചരിക്കുന്നു. ഞങ്ങൾക്കുവേണ്ടി ജഡംധരിച്ച ദൈവമാകുന്ന നിന്നെ ഇതുമുതൽ ആത്മശരീരങ്ങളാൽ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ പഴയ സ്ഥിതികളെ ഞങ്ങൾ നീക്കം ചെയ്യുന്നു. നീ മൂലം സകലവും ഞങ്ങൾക്ക് പുതുതാകണമെ. പുതുഞായറാഴ്ചയുടെ ഈ ദിവസം നിന്റെ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം നിന്റെ കരുണയാൽ സ്വീകരിക്കണമെ. ഞങ്ങളുടെ ബലഹീനപ്രാർത്ഥനകൾ കൃപ മൂലം അംഗീകരിക്കപ്പെടണമെ. ഇതു ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരത്തിനും പാപവിമോചനത്തിനും സകല രോഗികളുടെയും പ്രയാസത്തിലിരിക്കുന്നവരുടെയും സ്മരണയ്ക്കും ആരോഗ്യത്തിനും നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ടുള്ള എല്ലാ നല്ല പ്രാർത്ഥനകൾക്കും മറുപടിസിദ്ധിക്കുന്നതിനും സത്യവിശ്വാസത്തോടെ നിന്റെ പ്രത്യാശയിൽ നിദ്രപ്രാപിച്ച എല്ലാ പരേതന്മാരുടെയും ഓർമ്മയ്ക്കും ആശ്വാസത്തിനും പ്രയോജനപ്പെടണമെ. ഞങ്ങളും അവരും സ്വർഗ്ഗീയ ഊർശലേമിൽ പുണ്യവാന്മാരുടെ നവീനസഭയിൽവച്ചു മുന്തിരിരസത്തെ നിന്നോടൊന്നിച്ചു പുതുതായികുടിച്ച്, നിന്നെയും ഞങ്ങളുടെ രക്ഷയ്ക്ക് നിന്നെ അയച്ച വന്ദ്യനും ഭാഗ്യവാനുമായ നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധറൂഹായെയും ഇപ്പോഴും എല്ലായ്പ്പോഴും മഹത്വപ്പെടുത്തുമാറാകണമെ. ഹോശോ...

St. Mary's Knanaya Church Tampa

### എത്രോ (ധൂപപ്രാർത്ഥന)

അടച്ചിട്ടിരുന്ന വാതിലുകൾ വഴി ശിഷ്യന്മാരുടെ പക്കൽ വന്നു തോമ്മാശ്ലീഹായുടെയും മറ്റും വിശ്വാസം തന്റെ വിലാവിനെ തൊട്ടതു മൂലം ഉറപ്പിച്ച രക്ഷകനാം മശിഹാ! ഞങ്ങളുടെ അപേക്ഷകൾക്ക് നിന്റെ കരുണാവാതിൽ തുറന്നുതരണമെ. ഞങ്ങളുടെ ധൂപം നിന്റെ നിത്യതയുടെ അദൃശ്യസ്ഥലത്തു കടക്കണമെ. സമ്പൂർണ്ണവും സമൃദ്ധവുമായ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നും ഞങ്ങൾക്കു സഹായം വരണമെ. ഈ പുതിയ ഞായറാഴ്ച ഞങ്ങൾ പുതുതാക്കപ്പെടണമെ. ശോഭിതഭൂഷണത്താലും ശ്രേഷ്ഠതരപ്രവർത്തനങ്ങളാലും നിന്റെ വലിയ ദിവസത്തിൽ നിന്നെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെട്ട്, നിന്നെ

കാണുകയും നിന്റെ വിശുദ്ധന്മാരോട് ഒന്നിച്ച് നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധറൂഹായെയും സ്തുതിക്കുകയും ചെയ്യണമെ. ഹോശോ.

### ഹൂത്തോമ്മോ(സമാപനപ്രാർത്ഥന)

മാളികയിൽ വച്ച് ശ്ലീഹന്മാർക്ക് ഇന്നു കർത്താവിനാൽ നൽകപ്പെട്ട് സംശയസ്ഥരെ ഉറപ്പിച്ച സമാധാനം തന്റെ രക്ഷിതസംഘത്തിനും ഉണ്ടാകട്ടെ. അതിനാൽ ഭിന്നിതരായ സഭാമക്കൾ യോജിക്കുകയും വിലപിച്ചും ദുഃഖിച്ചുമിരിക്കുന്നവർ സന്തോഷിക്കുകയും പരിശുദ്ധസഭ ദോഷങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുകയും ചെയ്യണമെ. മോറൻവാലോഹാൻലഒൽമ്മീൻ.

## രാത്രി ഒന്നാം കൗമാ

### പ്രമിയോൻ

പട്ടക്കാരൻ :- നാമെല്ലാവരും പ്രാർത്ഥിച്ച്..
പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവെ...
പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും..

St. Mary's Knanaya Church Tampa

പാപത്താൽ പഴയതായ സൃഷ്ടിയെ പുതുക്കുവാൻ നവീനമാർഗ്ഗത്തിൽ സൃഷ്ടിയിലേക്കുവന്ന, ലോകങ്ങളെ പുതുക്കുവാനും തന്റെ പുനരുത്ഥാനത്താൽ ആന്തരിക പുതുപ്രകാശം കൊണ്ട് ഭൂതലത്തെ നിറച്ച് തന്റെ ഉയർപ്പുമൂലം അതിനു പുതുസന്തോഷം പ്രദാനം ചെയ്ത് സകലത്തേയും ശോഭിപ്പിക്കുന്ന പ്രകാശവും മാളികയിലേക്കുള്ള തന്റെ പുതുപ്രവേശത്താൽ പുതിയ അത്ഭുതം ചെയ്ത് ശ്ലീഹന്മാരുടെ മനസ്സിന് നവീനമോദംവരുത്തിയ മഹാഅത്ഭുതവും, ശിഷ്യന്മാരുടെ കൂട്ടത്തിനു നവകൃഷ്ട ധർമ്മോപദേശം വെളിപ്പെടുത്തിയതിനാൽ ഭൂമിയിലെ നാനാഭാഗങ്ങളിലും വിശ്വാസത്താൽ സ്തുതിക്കപ്പെടുകയും, ആഹ്ലാദത്തിന്റെ യോഗ്യസ്തോത്രങ്ങളാൽ കീർത്തിക്കപ്പെടുകയും ആദരവാൽ എല്ലാനാവുകളാലും ആരാധിക്കപ്പെടുകയും ചെയ്യുന്ന സകലത്തിന്റെയും സൃഷ്ടാവിനു സ്തുതി. തനിക്ക്...

### സെദറാ

ഞങ്ങളുടെ മശിഹാതമ്പുരാനെ! പാപത്താൽ കറപിടിച്ചിരുന്ന ലോകത്തിന്റെ പഴക്കത്തിനു നിന്റെ കരുണയാൽ നീ പുതുക്കം നൽകി. ജഡപ്രകാരമുള്ള നിന്റെ മരണത്താലും മഹത്തരമായ നിന്റെ ഉയർപ്പിൻ പുതുക്കത്താലും വാതിൽ അടച്ചിരുന്ന മാളികയിൽ നിന്റെ പരിശുദ്ധ ശിഷ്യന്മാരുടെ പക്കൽ നീ പ്രവേശിച്ചു.

നീ വെറും മായയായ ഒരാത്മാവല്ലായിരുന്നു. നശ്വരമല്ലാത്ത ശരീരവും അസ്ഥി
കളും നിനക്കുണ്ടായിരുന്നു. വിശേഷാൽ നീ ശരീരിയായ ദൈവമായിത്തന്നെ
ഇരുന്നു. പുനരുത്ഥാനത്തിലും ഞങ്ങളുടെ പ്രകൃതി ശരീരം അനശ്വരമാംവണ്ണം നീ
ധരിച്ചിരുന്നു. ആണികളാൽ തുളയ്ക്കപ്പെട്ട നിന്റെ കൈകളേയും ഞങ്ങൾക്ക്
അനശ്വരജീവൻ ഒഴുക്കി തന്ന നിന്റെ തുളഞ്ഞവിലാവിനെയും കാണിച്ചു കൊണ്ട്
അവരെ നീ സ്ഥിരവിശ്വാസികളാക്കി അവർ സന്തോഷത്തോടും ആത്മ
പുതുക്കത്തോടും മനുഷ്യരെ പഠിപ്പിക്കുകയും എല്ലാവിധമായ ഭൗതിക
മനസിനെയും നിഷ്പ്രയാസം നീക്കുകയും ചെയ്വാൻ അവരെ നീ പ്രാപ്
തരാക്കുകയും ചെയ്തു. ആ അവസരത്തിൽ തോമ്മാശ്ലീഹായുടെ
സംശയരോഗത്തെ നീ സൗഖ്യപ്പെടുത്തി. തൻ നിമിത്തം ഞങ്ങൾക്കുവേണ്ടി
ഹിതാനുസരണം കഷ്ടപ്പെട്ടു മരിച്ച് ഉയർത്തവൻ ദൈവം തമ്പുരാനാണെന്നു
ഞങ്ങൾ പഠിച്ചു. ശരിയായിത്തന്നെ തോമ്മാ നിന്നെ സ്പർശിച്ചു. നീ
അശരിരിയാണെന്ന് അവൻ ഗ്രഹിച്ചു. ഏകനായി അറിയപ്പെടുന്നു. അത്യുന്നതമായ
ദൈവത്വവും നിർമ്മലവും മനുഷ്യത്വവും തമ്മിൽ ഒന്നിച്ചതിനു ശേഷം നീ
ഒന്നായിത്തന്നെയിരിക്കുന്നു. ശിഷ്യന്മാരോടൊന്നിച്ചു പരിശുദ്ധ സഭയാകുന്ന നിന്റെ
രാജ്യത്തിൽ മുന്തിരി രസത്തെ പുതുതായി കുടിക്കുമെന്ന് നീ വാഗ്ദത്തം ചെയ്ത
പ്രകാരം നീ കഷ്ടപ്പെട്ട് മരിച്ച് ഉയർത്തതു നീ തന്നെയാണെന്ന് പ്രത്യക്ഷപ്പെടുത്തി.
നിന്റെ ശരീരം നശിച്ചു പോകുന്നതല്ലായിരുന്നു. അതു അനശ്വരവും ഭേദഗതി
ഇല്ലാത്തതുമായിരുന്നു. ഏഴാം ദിവസം നീ വിശ്രമിച്ചു. കൊണ്ട് എല്ലാ
നിദ്രിതരേയും ആശ്വസിപ്പിച്ചു. ഈ ആത്മീയ ആശ്വാസം ഒരിക്കലും
എത്തിപ്പോകുന്നതല്ല. ഏഴെന്നുള്ളതിനാൽ നല്ലവരും ദുഷ്ടന്മാരും ശാബതു
സ്വീകരിപ്പാനിരിക്കുന്നു. അപ്പോൾ ഇഹത്തിലെ ഏഴെന്നുള്ളത് നീങ്ങിപ്പോകും.
ആയതു എട്ടെന്നുള്ള പുതിയ ദിവസമാകും. അതു രാവും പകലുമെന്നില്ലാത്തതും
സന്ധ്യയും ഉഷസും ചേരാത്തതുമായ ആദ്യത്തേതും അവസാനത്തേതുമായ
ഏകദിവസമായിരിക്കും. അന്നു മറ്റൊരു നിത്യ സൂര്യശോഭയുണ്ടായിരിക്കും.
പ്രകൃതസൃഷ്ടിയുടെ പദാർത്ഥത്തിനു മാറ്റം വരും. എന്നാൽ അതിന്റെ സത്തിനു
വ്യതിയാനം ഉണ്ടാകുകയില്ല. കാണപ്പെടാത്ത എല്ലാ ബോധത്തിനും അശേഷം
ജീർണ്ണിച്ചു പോകാത്ത പുതുക്കം ഉണ്ടായി; നാശമില്ലാത്ത ഒന്നായിത്തീരും. എന്നാൽ
ദുഷ്ടബോധം ദുഷ്ടഹൃദയത്തിൽ നിന്നും മാഞ്ഞു പോകും. കർത്താവെ! നീ മൂന്നു
ദിവസം ഭൂമിക്കുള്ളിൽ സ്ഥിതി ചെയ്ത് തെറ്റിക്കിടന്നിരുന്ന മനുഷ്യനെ
മഹത്വത്തിലേക്ക് വളർത്തി വിട്ടു. നിന്റെ പീഢാനുഭവത്താൽ ഞങ്ങളുടെ കഷ്
ടതകളെ തീർത്ത് ഞങ്ങളെ ജീവിപ്പിച്ചു. നിന്റെ മരണത്താൽ ഞങ്ങളുടെ
മരണത്തിനു ഹാനി സംഭവിച്ചു. ഞങ്ങൾക്ക് ഉയർപ്പുണ്ടാക്കി. മാനുഷീക ജീവനിൽ

St. Mary's Knanaya Church Tampa

മരിച്ച് ജീവിപ്പിച്ച നല്ലവനായ കർത്താവേ! ശരീരങ്ങൾക്ക് അതാതിന്റെ ആത്മപ്രവേശനം മൂലം പുതുക്കമുണ്ടായി പാപ വിനാശകരമായ പുതുക്കത്താൽ മരണം എന്നേക്കുമായി നശിക്കുന്ന ആദ്യവും അന്തവുമായ ദിവസത്തിൽ നിന്റെ വിശുദ്ധന്മാരുടെ ഭാഗ്യകരമായ പുതുക്കത്തിന് ഞങ്ങളെ യോഗ്യന്മാരാക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളിലുള്ള നിന്റെ കരുണാ കരുതലാൽ ആത്മീയരുടെ നവവിരുന്നിനു ഞങ്ങളെ യോഗ്യരാക്കേണമെ. പഴയതിനെ ഉരിഞ്ഞു കളയുന്ന ജീവിതങ്ങളാൽ പുതുക്കപ്പെടുവാൻ. ഇവിടെ വച്ചു തന്നെ പരത്തിലേതിന് ആത്മീയ അച്ചാരം ഞങ്ങൾക്ക് നൽകണമെ. അക്ഷരത്തിന്റെ പഴക്കത്താലല്ലാ ആത്മാവിന്റെ പുതുക്കത്താൽ തന്നെ നിന്റെ സന്നിധിയിൽ ചരിപ്പാൻ സൃഷ്ടാവിന്റെ ജ്ഞാനത്താൽ പുതുക്കപ്പെടുന്ന പ്രശോഭിത പുതുമ ഞങ്ങളെ ധരിപ്പിക്കണമെ. നിന്നോടു കൂടിയും നിന്റെ സന്നിധിയിലും ആയിരിപ്പാനുള്ള മോഹത്താൽ ഇവിടെ നിന്നുള്ള മാറ്റത്തെ സ്നേഹിക്കുന്ന വിശ്വസ്ത ആത്മാക്കളുടെ വിശ്രമസ്ഥലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവർ നിന്നിൽനിന്നും പ്രാപിക്കുന്ന മരണമില്ലാത്ത ജീവന്റെ വ്യാപാരത്താൽ കല്പന ലംഘനത്തിനുമുമ്പ് ആദാമിനുണ്ടായിരുന്നപ്രകാരം തെളിഞ്ഞവരും പ്രശോഭിതരും മോഹനീയരുമായി തിരുസന്നിധിയിൽ ഞങ്ങൾ കാണപ്പെടുവാൻ തക്കവണ്ണം വിവിധ സുകൃതങ്ങളാൽ സുഖകരമായ ജീവൻ ഞങ്ങൾക്ക് നൽകണമെ. ഞങ്ങളും മുമ്പെ തന്നെ ശരീരം വിട്ടുപോയ ഞങ്ങളുടെ മാതാപിതാക്കന്മാരും സഹോദരീ സഹോദരന്മാരും ഗുരുക്കന്മാരും പുതിയവരായി എഴുന്നേറ്റ് നീ ഭുമുഖത്ത് പുതുക്കുന്ന നവനാളിൽ നിനക്കും നീ മൂലം നിന്നോടുകൂടി നിന്റെ പിതാവിന്നും നിന്റെ വിശുദ്ധറൂഹായ്ക്കും പുതിയ സ്തുതിപാടുവാൻ ഞങ്ങൾ യോഗ്യ ന്മാരാകണമെ. ഹോശോ

St. Mary's Knanaya Church Tampa

## എത്രൊ (ധൂപപ്രാർത്ഥന)

മിശിഹാ തമ്പുരാനെ! ഭൗതീകവും പരിമളതരവുമായ ദ്രവ്യങ്ങളാൽ നിനക്ക് ഞങ്ങൾ ഈ പുതു ഞായറാഴ്ചപ്പെരുന്നാളിൽ അണച്ച ധൂപത്തെ കൈക്കൊള്ളണമെ, മാളികയുടെ വാതിലുകളും ജനലുകളും അടച്ചിരുന്നപ്പോൾ നീ എഴുന്നെള്ളി നിന്റെ രക്ഷാകര ഉയർപ്പിനെപ്പറ്റി സ്ഥിരീകരിച്ചു. നിന്റെ ക്ഷതസ്ഥലങ്ങളിലെ സ്പർശനം മൂലം തോമ്മാശ്ലീഹായുടെ സംശയം നീക്കിക്കളഞ്ഞ പ്രകാരം തന്നെ വിശ്വാസം മൂലം ഞങ്ങളിൽ വസിക്കണമെ. നിന്റെ പുനരുത്ഥാനത്തെപ്പറ്റി ഞങ്ങളെ ഉറപ്പിക്കണമെ. തോമ്മായെപ്പോലെ നിന്നിൽ വിശ്വാസിപ്പാനും അവൻ ഏറ്റു പറയുവാനും അവൻ അട്ടഹസിച്ചതു പോലെ

പിതാവിനും റൂഹായിക്കും സാരംശത്തിൽ ഒന്നിച്ചിരിക്കുന്ന ദൈവവും കർത്താവും എന്നു വിളിച്ച് പറയുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമെ. ഹോശോ...

## രാത്രി രണ്ടാം കൗമാ പ്രുമിയോൻ

പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ച്..
പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവേ!..
പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും..

കതകുകൾ അടച്ചിരിക്കുമ്പോൾ മാളികയിൽ ശിഷ്യന്മാരുടെ അടുക്കൽ പ്രവേശിച്ച് തന്റെ വിശുദ്ധ വിലാവിനെയും, ചവളത്തിന്റെയും ആണിയുടെയും പഴുതുകളെയും അവർക്ക് കാണിക്കുകയും തോമായെ വിളിച്ച് അവ കാണിച്ചതിനാൽ അവൻ വിശ്വസിച്ച് ഏറ്റു പറഞ്ഞു തന്നെ സ്തുതിച്ചു വണങ്ങി എന്റെ ദൈവവും കർത്താവുമെ എന്നു സമ്മതിച്ചു പറയാറാക്കുകയും മാളികയിൽ വച്ചു ശ്ലീഹന്മാരെ ധൈര്യപ്പെടുത്തി ഉറപ്പിച്ച്, അവരിൽ വിശുദ്ധാത്മാവിനെ ഊതി, അവരെ ആത്മാവും ശക്തിയും ധരിപ്പിക്കുകയും, തന്റെ ദൈവത്വത്തിലെ പുതു വീഞ്ഞു കുടിച്ച് തന്റെ ആത്മീയത്വത്തിൽ അവരെ സംബന്ധിപ്പിക്കുകയും തന്റെ ശക്തിയാൽ അവരെ ബലപ്പെടുത്തുകയും ചെയ്ത അപരിമിതനും അവർണ്ണനീയനും അപ്രത്യക്ഷനുമായ കർത്താവിനു സ്തുതി. തനിക്ക്..

St. Mary's Knanaya Church Tampa

### സെദറാ

ഞങ്ങൾ ഈ പെരുന്നാളിനെ കൊണ്ടാടുകയും രഹസ്യ ശുശ്രൂഷ നടന്ന ആ മാളികയെ ഓർക്കുകയും ചെയ്യുന്നു എന്തെന്നാൽ പുത്രന്റെ ശിഷ്യന്മാർ അവിടെ വച്ചു തന്നെ സ്വീകരിച്ചു. പുത്രൻമൂലം പിതാവിനെയും പിതാവുമൂലം പുത്രനെയും പിതാവും പുത്രനും മൂലം റൂഹായെയും ഞങ്ങൾ വന്ദിക്കുന്നു. ഈ ദിവസം ഞങ്ങൾക്ക് പുതിയതാകുന്നു. ഉയർപ്പിന്റെ ഞായറാഴ്ച രക്ഷാ രഹസ്യം അടങ്ങിയതാകുന്നു. എട്ടാമത്തേതും ഒന്നാമത്തേതുമായ ഈ ദിവസം രക്ഷയെ പ്രതിഷ്ഠിച്ചു. പുതു ഞായറാഴ്ച സന്ധ്യയ്ക്ക് കതകുകൾ ബന്ധിച്ചിരിക്കുമ്പോൾ യേശു തമ്പുരാൻ എഴുന്നെള്ളി ശിഷ്യന്മാരുടെ മദ്ധ്യത്തിൽ നിന്ന് നിങ്ങൾക്ക് സമാധാനം എന്നു അവരോട് അരുളിചെയ്തു. തന്റെ കൈകളെയും വിലാവിനെയും ചവളത്തിന്റെയും ആണികളുടെയും പഴുതിനെയും അവർക്കു കാണിച്ചു കൊടുത്ത് എനിക്കുള്ളതായി നിങ്ങൾ കാണുന്ന പ്രകാരം ഒരു

ആത്മാവിനു മാംസവും അസ്ഥികളും ഇല്ലല്ലോ എന്നു കല്പ്പിച്ചു. മോശ അസാധാരണമായി തന്റെ വടിയാൽ കടലിനെ ഭാഗിച്ചു അഹറോന്റെ വടികിളിർപ്പിച്ചു. പിച്ചള സർപ്പം സൗഖ്യം നൽകി. . പാറ, ജലം ഒഴുക്കി. കഴുതയുടെ താടിയെല്ല് വെള്ളം കൊടുത്തു. പണ്ട് ഈ സംഗതികൾ നടന്നു. മിശിഹാ തമ്പുരാനേ! നീ മൂലവും അത്ഭുതങ്ങളും അതിശയങ്ങളും ഉണ്ടായി. കന്യകയുടെ അടച്ചിരുന്ന ഗർഭത്തിൽ നീ പ്രവേശിച്ചു. അതിന്റെ മുദ്രയ്ക്കു ഭംഗം വന്നില്ല. അങ്ങിനെ ശവക്കല്ലറയിൽ നിന്നും നീ പുറപ്പെട്ടു. അതിന്റെ മുദ്രയ്ക്കും അടയാളത്തിനും ഹാനി വന്നില്ല. കതക് അടച്ചിരിക്കുമ്പോൾ നീ മാളികക്കുള്ളിൽ കടന്നു എങ്കിലും അതിന് ഹാനി വന്നില്ല. ശിഷ്യന്മാർ സന്തോഷിച്ചപ്പോൾ എന്റെ പിതാവു എന്നെ അയച്ച പ്രകാരം ഞാനും നിങ്ങളെ അയയ്ക്കുന്നു. എന്ന് അവരോട് അരുളി ചെയ്തിട്ടു അവരിൽ ഊതി പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ എന്നും നിങ്ങൾ ഒരുവന്റെ പാപം ക്ഷമിച്ചാൽ അതു ക്ഷമിച്ചതായും ഒരുത്തന്റേതു പിടിച്ചാൽ അതു പിടിച്ചതായും ഭൂമിയിൽ കെട്ടുകയോ അഴിക്കുകയോ ചെയ്താൽ സ്വർഗ്ഗത്തിലും അപ്രകാരം സംഭവിക്കു മെന്നു നീ കല്പിച്ചു. വിശുദ്ധാത്മ സഹായത്താൽ അത്ഭുതങ്ങളും ശക്തികളും വൈദ്യവും ചെയ്യുന്നതിനും മരിച്ചവരെ ഉയർപ്പിക്കുന്നതിനും അവർക്കു നീ അധികാരം കൊടുത്തു. കബറിൽ നിന്ന് താൻ ഉയർത്തതിന്റെ ശേഷവും നിന്റെ ശ്ലീഹന്മാർക്ക് നീ അധികാരം കൊടുത്തു. ആകയാൽ അവർ സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരികളാകുന്നു. ഇസ്രായേലിന്റെ ഗോത്രങ്ങളെ വിസ്തരിച്ചു വിധിപ്പാൻ അവർക്കു സിംഹാസനങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ടു. നിന്റെ സഹോദരന്മാരും ഇഷ്ടന്മാരും എന്ന് അവരെ വിളിച്ച് പുകഴ്ത്തി നിന്റെ രാജ്യത്തിൽ അവരെ അധികാരികളാക്കി. മനുഷ്യരുടെ പാപമോചനത്തിനും ശിക്ഷയ്ക്കുമുള്ള സ്വർഗ്ഗരാജ്യ താക്കോലുകൾ അവരുടെ കയ്യിൽ നീ ഏല്പിച്ചു. നിന്റെ പള്ളിയും അവരുടെമേൽ പണിതു. അവർ ഭൂമുഖത്തെ നനയ്ക്കുന്ന മേഘങ്ങൾ പോലെയാകുന്നു. അവർ പരിശുദ്ധ സഭയാകുന്ന ദൈവത്തിന്റെ പട്ടണത്തെ നനയ്ക്കുന്ന നദികളാകുന്നു. അവർ, പാപാന്ധകാരത്തെ നീക്കം ചെയ്യുന്ന നീതിയുടെ സൂര്യനായ മിശിഹായുടെ കിരണങ്ങളാകുന്നു. അവർ രുചികരമായ ഉപ്പും പുതിയ പുളിമാവുമാകുന്നു. അവർ വിഗ്രഹാരാധനകയെ നശിപ്പിച്ച നല്ല കർഷകരാകുന്നു. അവർ മിശിഹായുടെ തോട്ടത്തിലെ ഉത്തമ വേലക്കാരാകുന്നു. അവർ ആകൽക്കറുസായുടെ പാളയത്തിൽ ചെന്ന് സേനകളെ ഓടിച്ചു. അവനിൽ നിന്നും മനുഷ്യ അടിമയെ വീണ്ടെടുത്ത സൈന്യാധി സന്മാരാകുന്നു. അവർ ആത്മീയവും ശാരീരികവുമായ വേദനയും രോഗങ്ങളെയും സുഖപ്പെടുത്തിയ പണ്ഡിത വൈദ്യന്മാരാകുന്നു. അവർ പുത്രന്റെ സുവിശേഷം ഭൂതലത്തിൽ

St. Mary's Knanaya Church Tampa

പ്രസംഗിച്ച് തെറ്റിപ്പോയ ജാതികളെ സത്യമാർഗ്ഗത്തിലേക്ക് തിരിച്ചു. അവരുടെ പേരുകൾ സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരികുന്നു. അവരുടെ പ്രാർത്ഥനകൾ മൂലം പരിശുദ്ധ സഭയും അതിന്റെ പ്രജകളും നിന്റെ വലത്തു ഭാഗത്ത് നിത്യലോകത്തിൽ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ. ഹോശോ......

## പ്രഭാതം പ്രുമിയോൻ

പട്ടക്കാരൻ :- നാമെല്ലാവരും പ്രാർത്ഥിച്ച്.....
പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവെ.......
പട്ടക്കാരൻ:- സ്തുതിയും

ശിഷ്യകൂട്ടത്തിനു തന്റെ പുതിയ രക്ഷ കാണിച്ചു തന്റെ നീതിയെ ജാതികൾക്കായി തന്റെ പ്രസംഗകന്മാരുടെ മുമ്പിൽ വെളിപ്പെടുത്തുകയും എന്റെ കർത്താവും എന്റെ ദൈവവുമേ! എന്നു സംശയരഹിതനായി വിളിച്ചു പറയുവാൻ തക്കവണ്ണം തന്റെ കൃപയാൽ അവർക്ക് കാണിച്ചു കൊടുത്ത വിലാവിന്റെയും കൈകളുടെയും പാടുകളുടെ സ്പർശനം മുഖാന്തരം തോമ്മാ ശ്ലീഹാ സ്ഥിരീകരിക്കുകയും എല്ലായ്പ്പോഴും സ്തുതികളെയും യോഗ്യമായ സ്തോത്രങ്ങളെയും ആദരണീയങ്ങളായ ആരാധനകളെയും പിതാവിനോടും പരിശുദ്ധ റൂഹായോടും ഒന്നിച്ച് സ്വീകരിക്കുകയും ചെയ്യുന്ന കർത്താവിനു സ്തുതി. തനിക്ക്..

St. Mary's Knanaya Church Tampa

### സെദറാ

ഞങ്ങളുടെ മിശിഹാ തമ്പുരാനെ! നിന്റെ നിത്യജ്ഞാനത്താൽ സകലവും നീ നിർമ്മിച്ചു. മഹത്തായ നിന്റെ ഉയർപ്പു മൂലം സകലത്തേയും നീ പുതുക്കി. മനുഷ്യർക്ക് നൽകിയ പുതിയ രക്ഷമൂലം സർവ്വ സൃഷ്ടികളേയും സന്തോഷിപ്പിച്ചു. നിന്റെ പുനരുത്ഥാനത്തിൽ ക്രൂശക സംഘത്തെ നീ ലജ്ജിപ്പിച്ചു. കൊലപാതകിയായ സെഹിയോനെ നിന്റെ സ്ലീബായാൽ ചിതറിച്ചു. ക്രൂശകരെ ഭയന്നു യൂദന്മാരുടെ ദണ്ഡനത്താൽ ചിതറിയുമിരുന്ന നിന്റെ മണവാട്ടിയായ നിന്റെ വിശുദ്ധ സഭയെ നീ സന്തോഷിപ്പിച്ചു സംശയങ്ങളെ സദയം തീർപ്പാൻ വേണ്ടി രഹസ്യത്തിന്റെ മാളികയിൽ നിന്റെ സഭയെ നീ കൂട്ടിചേർത്തു. കഴിഞ്ഞ ഞായറാഴ്ച പരിശുദ്ധ സ്ത്രീകൾ നിന്നെ കണ്ട് നിന്റെ പാദങ്ങളെ തൊട്ടുവണങ്ങി. പ്രധാനശിഷ്യനായ പത്രോസും ചെറിയശിഷ്യനായ യോഹന്നാനും നിന്നെകണ്ടു.

അന്നുതന്നെ ക്ലേയോഫാ മുതൽ പേരോടൊന്നിച്ചു നീ ഭക്ഷിക്കവെ അപ്പംമുറിക്കുമ്പോൾ നിന്നെ അവർ മനസ്സിലാക്കി. പതിനൊരുവർ ഭക്ഷണത്തിന്നിരിക്കുമ്പോൾ നീ അവർക്കു കാണപ്പെടുകയും അവർ വിശ്വസിക്കുകയും ചെയ്തു. തോമ്മായാകട്ടെ, നിന്നെ കാണാഞ്ഞതിനാൽ, പരസ്യമായി കണ്ട് ചവളം കൊണ്ടു തുറന്നിട്ടുള്ള വിലാവും ആണികളാൽ തുളയ്ക്കപ്പെട്ടിരുന്ന കൈകാലുകളും തൊട്ടറിയാതെ വിശ്വസിപ്പാൻ മനസ്സായില്ല. ശ്ലീഹന്മാരുടെ ഉപദേശത്തിനും വഴിപ്പെട്ടില്ല. മറ്റുള്ളവരുടെ അടിസ്ഥാനത്തിൽ പണിയാതിരിപ്പാൻ അവർ സാക്ഷിച്ചതു വിശ്വസിച്ചുമില്ല. തൻനിമിത്തം അവന്റെ വിശ്വാസസ്ഥിരതയ്ക്കും സംശയനിവൃത്തിക്കുമായി ഇന്നു ശിഷ്യന്മാർ കൂടിയിരിക്കുമ്പോൾ നീ വീണ്ടും കാണപ്പെട്ടു. യൂദന്മാരെ ഭയന്ന് കതകുകൾ അടച്ചിരിക്കെ, പെട്ടെന്നു നീ അവരുടെ മദ്ധ്യേവന്നു നിന്ന് സത്യശിഷ്യന്മാരെ നിങ്ങൾക്ക് സമാധാനം സമാധാനത്തിന്റെ മക്കളെ സമാധാനം; സത്യം പ്രസംഗിക്കുന്നവരെ സമാധാനം; നിങ്ങൾ ഭയാകുലരാകേണ്ടതില്ല; ചഞ്ചലപ്പെടുകയുമരുത്, പ്രധാനാചാര്യന്മാർ മുതൽ പേർ എന്നെ പിടിച്ചു കുരിശിച്ചു കൊല്ലും എന്ന് മുമ്പ് പറഞ്ഞയാൾ ഞാൻ തന്നെ ആകുന്നു. മൂന്നു ദിവസങ്ങൾക്ക് ശേഷം ഉയർത്ത നിങ്ങളുടെ ഗുരു ഞാൻ തന്നെ; എന്റെ രണ്ടാമത്തെ വരവിൽ നിങ്ങൾക്ക് സിംഹാസനങ്ങൾ തരാമെന്നു പറഞ്ഞവനും ഞാൻ തന്നെ; കഴിഞ്ഞ ഞായറാഴ്ച നിങ്ങൾക്ക് കാണപ്പെട്ട നിങ്ങളുടെ ഗുരു ഞാൻ തന്നെയാകയാൽ നിങ്ങൾ ഭയപ്പെടേണ്ട; നിങ്ങളെ സ്ഥിരീകരിപ്പാനായി ഇന്നും ഞാൻ കാണപ്പെട്ടിരിക്കുന്നു. മാംസവും അസ്ഥികളും ഞാൻ ധരിച്ചിരിക്കെ ശരീരത്തോടെ നിങ്ങളുടെ പക്കൽ പ്രവേശിച്ചു. കതകുകൾ തുറന്നിട്ടുമില്ല. അങ്ങിനെതന്നെ കന്യാവ്രതമുദ്ര സുരക്ഷിതമായിരിക്കെ കന്യകയുടെ മുദ്ര സുരക്ഷിതമായിരിക്കുകയും കാവൽപട്ടാളം ഭദ്രമായി കാത്തുവരികയും ചെയ്യുമ്പോൾ ഞാൻ അതിൽനിന്നും പുറപ്പെട്ടു എന്നും പറഞ്ഞു. ശ്ലീഹന്മാർ അത്ഭുതപരവശരായിനിന്നും സന്തോഷവും ആശ്വാസവും അവർക്കുണ്ടായി. അനന്തരം തോമ്മായുടെ വിശ്വാസക്കുറവിനെ തീർപ്പാൻ വേണ്ടി, അവൻ ആവശ്യപ്പെട്ടപ്രകാരം നിന്റെ ആണിപ്പഴുതുകളിൽ അവന്റെ വിരലിടുന്നതിനും നിൻറെ വിലാവിനെ തൊട്ടുനോക്കുന്നതിനും നിന്റെ കൃപയാൽ നീ അനുവദിച്ചു. അവൻ കണ്ടു വിശ്വസിക്കുകയും സ്പർശിക്കുകയും അറിയുകയും ചെയ്തു. അവൻ വിസ്മയിച്ച് ഞെട്ടിഭ്രമിച്ചു. അവൻ ഏറ്റു പറഞ്ഞു സ്തുതിച്ച് ആഹ്ളാദഭരിതനായി നീ വ്യത്യാസമില്ലാത്ത എന്റെ കർത്താവും ദൈവമാകുന്നു. എന്ന് അട്ടഹസിച്ചു; അവൻ ഉറച്ചു. ഉറപ്പുനൽകി. സംശയിച്ചു പ്രയോജനം വരുത്തി. ഏറ്റു പറഞ്ഞ് എല്ലാസംശയങ്ങളേയും നീക്കിക്കളഞ്ഞു. അവന്റെ സമ്മതപ്രഖ്യാപനത്താൽ, അവർണ്ണനീയമായ ഒന്നിപ്പിനുശേഷം സ്വഭാവം

St. Mary's Knanaya Church Tampa

രണ്ടെന്നു സംശയിക്കുന്നവരുടെ സംശയത്തെ ഇല്ലാതാക്കി നിന്റെ അവതാരം വെറും തോന്നലും മായയുമാണെന്നു പറഞ്ഞിരുന്നവരുടെ തർക്കം അവന്റെ സ്പർശനംമൂലം ഹനിച്ചു. ദൈവത്വത്തിലും മനുഷ്യത്വത്തിലുള്ള നീ ഒന്നുതന്നെയെന്ന് തോമ്മായെ പഠിപ്പിച്ചു. സ്വയംഭൂതലത്തിലും ജഡധാരണത്തിലും നീ ഒന്നുതന്നെ. മേലുയരങ്ങളിലും താഴെ ആഴത്തിലും നീ ഒന്നു തന്നെ. ആകയാൽ ആത്മീയവും പുതിയതുമായ ഈ പെരുനാളിനു ആഗതരായി രക്ഷിതരായിരിക്കുന്ന ഞങ്ങൾ തോമ്മാശ്ലീഹായെപ്പോലെ ഉച്ചത്തിൽ പറയുന്നു: - ഞങ്ങൾക്കുവേണ്ടി കഷ്ടതകളും കുരിശും സഹിച്ച ഞങ്ങളുടെ കർത്താവും ദൈവവും നീയാകുന്നു. ഞങ്ങളെ പ്രതി മരിച്ചടക്കപ്പെട്ട മൂന്നാംദിവസം ഉയർത്തെഴുന്നേറ്റു ഞങ്ങളെ രക്ഷിച്ച നീ ഞങ്ങളുടെ കർത്താവും ദൈവവുമാകുന്നു അതുകൊണ്ട് മശിഹാ തമ്പുരാനെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞെരുക്കകാലത്ത് ഞങ്ങൾക്ക് നീ സഹായിക്കണമെ. പരീക്ഷകളിൽ നിന്നും അപകടങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. സമാധാനവും ശാന്തിയും ഞങ്ങൾക്ക് നൽകണമെ. സ്നേഹവും മമതയും ഞങ്ങൾക്കു ധാരാളമായി തരണമെ. ഞങ്ങളെ ഭിന്നിപ്പില്ലാത്ത ഉത്തമ കൂട്ടമാക്കണമെ. സംശയമില്ലാത്ത പൂർണ്ണജനതയാക്കണമെ. നിന്റെ വലതുകൈ തി രുസഭയിൽ ആവഹിക്കണമെ. നിൻറെ ഭുജശക്തിയാൽ അതിന്റെ പ്രജകളെ സംരക്ഷിക്കണമെ. അതിലെ കൂട്ടത്തെ സന്തോഷിപ്പിക്കണമെ. ഞങ്ങളുടെ വൃദ്ധരെ ശക്തന്മാരാക്കണമെ. പൈതങ്ങളെ സന്തോഷിപ്പിക്കണമെ. പട്ടിണിക്കാരെ സന്തുഷ് ടരാക്കി പ്രസാദിപ്പിക്കണമെ. ദു:ഖിതരെ ആശ്വസിപ്പിക്കണമെ. രോഗികളെ സൗഖ്യ മാക്കണമെ. വീണവരെ എഴുനേൽപ്പിക്കണമെ. പിശാചുക്കളെ തള്ളി ബഹിഷ്ക്കരിക്കണമെ നിന്റെ ഇടവകയുടെ പാപങ്ങളെയും കുറ്റങ്ങളെയും പരിഹരിക്കണമെ. നിന്റെ ആട്ടിൻകൂട്ടത്തിന്റെ അകൃത്യങ്ങളെയും തെറ്റുകളെയും ക്ഷമിക്കണമെ. ഇടയന്മാരെ നിർമ്മലരാക്കി കാക്കണമെ. പൗരോഹിത്യ ക്രമത്തെ നിർമ്മലീകരിക്കണമെ. ശെമ്മാശന്മാരെ വിനയമുള്ളവരും വിജ്ഞാനികളുമാക്കി തീർക്കണമെ സഭാ ക്രമത്തിൽ പുരുഷന്മാരെയും സ്ത്രീകളെയും സന്മാർഗ്ഗികളായി കാക്കണമെ. ബ്രഹ്മചാരികളെയും വിവാഹിതരെയും എല്ലാ പാപരംഗങ്ങളിൽ നിന്നും വിടുർത്തണമെ. ലോകത്തെ ദ്വേഷിച്ചു നിന്നോടു ചേർന്നിട്ടുള്ള സന്യാസികളെയും ഏകാന്ത ജീവിതക്കാരെയും നിന്റെ മോക്ഷ ഭാഗ്യത്തിന്റെയും ആനന്ദത്തിന്റെയും അവകാശികളാക്കണമെ. ഞങ്ങളുടെ കർത്താവായ മശിഹാതമ്പുരാനെ! നിന്റെയും നിന്റെ പിതാവിന്റെയും പരി ശുദ്ധറൂഹായുടെയും കൃപയാൽ ഞങ്ങളുടെ വിശ്വാസികളായ മരിച്ചുപോയവർക്ക്

St. Mary's Knanaya Church Tampa

ആശ്വാസവും ആനന്ദവും നൽകി അവർക്കു നല്ല ഓർമ്മയുണ്ടാക്കണമെ.
ഹോശോ....

എത്രൊ( ധൂപപ്രാർത്ഥന)

തന്റെ പിതാവിന്റെ സന്നിധിയിൽ സ്വയംപുതുതായി സമർപ്പിക്കുകയും വിഗ്രഹങ്ങൾക്കുള്ള അശുദ്ധപൂജാദികളുടെ പുകയാൽ വഷളായ സൃഷ്ടിയെ തന്റെ സുഖകരപരിമളവാസനയാൽ പുതുതാക്കുകയും കല്ലറയിൽ നിന്നുള്ള തന്റെ ഉയർപ്പു മൂലം ഞങ്ങളുടെ സ്വഭാവത്തിന്റെ പുതുക്കത്താലുള്ള പുതിയ സന്തോഷം വീണ്ടും ജനനം മൂലം നൽകുകയും മാളികയിലേക്കുള്ള തന്റെ പ്രവേശത്താൽ ശിഷ്യന്മാർക്കു തന്റെ കല്പന പുതുക്കി കൊടുക്കുകയും ഇസ്രാ യേലിന്റെ പരിസരത്തിൽ മാത്രമല്ല പിന്നെയോ ലോകമെങ്ങും തന്റെ നവസുവിശേഷം ഘോഷിപ്പാൻ ഒരു പുതിയ രീതിയിൽ അവരെ അയയ്ക്കുകയും ചെയ്ത നവധൂപമായിരിക്കുന്ന കർത്താവേ തിരുസന്നിധിയിൽ ഞങ്ങൾ അണച്ച ധൂപം മൂലം പാപപ്പഴക്കത്താൽ ജീർണ്ണിച്ച ഞങ്ങളുടെ അരിഷ്ട ആത്മാക്കളെ പുതുക്കണമെ. ഞങ്ങൾ പഴയ അവസ്ഥ വിട്ടു പുതിയവരായി തീർന്നും എപ്പോഴും പുതുക്കപ്പെട്ടും കൊണ്ട് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും സദാ നവംനവമായി സ്തുതിച്ചു കൊണ്ടിരിപ്പാൻ ഞങ്ങൾ യോഗ്യന്മാരാകണമെ ഹോശോ...

St. Mary's Knanaya Church Tampa

## മൂന്നാം മണി പ്രുമിയോൻ

പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ച്
പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവെ...
പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും..

സ്വന്ത ആടുകൾക്ക് വേണ്ടി പ്രാണത്യാഗം ചെയ്ത് അതിനെ ശേഖരിച്ച് സ്വന്തം തൊഴുത്തിലാക്കുകയും ശിഷ്യന്മാരെ രഹസ്യത്തിൽ മാളികയിൽ കൂട്ടി തന്റെ ക്ഷതങ്ങളുടെ സ്പർശനം മൂലം അവരുടെ അഭിപ്രായത്തിന് ഉറപ്പ് വരുത്തുകയും അവരുടെ സംശയം നീക്കുകയും അവരുടെ മുഖത്ത് ഊതി തന്റെ ആത്മാവു കൊണ്ട് . അവരെ നിറയ്ക്കുകയും തൻറെ സത്യം ഘോഷിപ്പാൻ എല്ലാ ഭാഗങ്ങളിലേക്കും അവരെ അയയ്ക്കുകയും ചെയ്ത നല്ല ഇടയനായ കർത്താവിന് പുതിയ ആത്മീയ ഭാഷയിൽ നിർമ്മല രാഗത്തിലും യോഗ്യതര ഗാനത്തിലും

നിർമ്മല സ്തുതികളും പരിശുദ്ധ പുകഴ്ചകളും കർണ്ണാനന്ദകരമായ കീർത്തനങ്ങളും സുവിശേഷ സ്തോത്രങ്ങളും യോഗ്യമായിരിക്കുന്നു. തനിക്ക്..

### സെദറാ

ഞങ്ങളുടെ മശിഹാ തമ്പുരാനെ! ശവക്കല്ലറയിൽ നിന്നുള്ള നിന്റെ ഉയർപ്പു മൂലം ഞങ്ങൾ സന്തോഷ പൂരിതരായി ആനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ മൂലം നിഴലായ പഴമ മുഴുവനും നീങ്ങി. സകലതും പുതുതായി തീർന്നു. നീ നിദ്രിതരുടെ ആദ്യ ഫലവും മരിച്ചു പോയവരുടെ ആദ്യജാതനുമായി ത്തീർന്നിരിക്കുന്നു. നീ പുതുജീവന്റെ ആരംഭവും നന്മകളുടെ പ്രാരംഭവുമാകുന്നു. ഇന്ന് മാളികയിൽ കൂടിയിരുന്ന ശ്ലീഹന്മാർ യൂദന്മാർ ഉള്ള ഭയം നിമിത്തം കതകുകൾ ബന്ധിച്ചിരുന്നു. അവരെ സമാധാനപ്പെടുത്തുവാൻ നീ വന്നു. അവർക്ക് സമാധാനം കൊടുത്ത് അരുളിചെയ്. അവർക്ക് ധൈര്യമുണ്ടാകുവാൻ നിങ്ങൾക്ക് സമാധാനം, ഒരാത്മാവിനെ നിങ്ങൾ കാണുന്നു എന്നുകരുതരുത്; എന്നെ നിങ്ങൾ തൊട്ടുനോക്കി അറിവീൻ; എനിക്കുള്ളതായി നിങ്ങൾ കാണുന്ന പ്രകാരം ഒരാത്മാവിനു മാംസവും അസ്ഥികളും ഇല്ലല്ലോ എന്നും തോട്ടത്തിൽവച്ചു മറിയാം എന്നെ കണ്ടവാർത്ത നിങ്ങൾ വിശ്വസിച്ചില്ല, അനന്തരം ശീമ്മോനും യോഹന്നാനും എന്നെ കണ്ട സംഗതിയും നിങ്ങൾ സമ്മതിച്ചില്ല; പല സംഗതികളാൽ ക്ലേയോഫായും മറ്റും എന്റെ ഉയർപ്പ് അറിഞ്ഞ സംഗതിയും നിങ്ങൾ സ്വീകരിച്ചില്ല; യാക്കോബിനും ഞാൻ സ്വയം വെളിപ്പെടുത്തി. എന്നിട്ടും നിങ്ങൾ സംശയിച്ചു. അഞ്ഞൂറിൽ പരം സഹോദരങ്ങൾക്ക് ഞാൻ കാണപ്പെട്ടു, ഇതും നിങ്ങൾ സമ്മതിച്ചില്ല; തോമ്മായെ! വരിക, കണ്ടു വിശ്വസി ക്കുക; നിന്റെ കൈ നീട്ടി എന്റെ വിലാവിൽ തൊട്ടു എന്റെ കുന്തപ്പഴുതു കാണുക; നിന്റെ വിരലുകൊണ്ട് എന്റെ കൈകാലുകളിൽ തറയ്ക്കപ്പെട്ട ആണികളുടെ പഴുതുതൊട്ടുകാണുക. എന്റെ പിതാവ് എന്നെ അയച്ചപ്രകാരം ഞാനും നിങ്ങളെ അയ്ക്കുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിപ്പിൻ; പോയി പ്രസംഗിപ്പീൻ. ഒരുത്തന്റെ പാപം നിങ്ങൾ ക്ഷമിച്ചാൽ അതു ക്ഷമിച്ചതായിരിക്കും. ഒരുത്തന്റെതു പിടിച്ചാൽ അതു പിടിച്ചതായിരിക്കും. രാജാവിന്നും ദൈവത്തിന്നും ഉള്ള അധികാരം നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു എന്ന് അവരോടു അരുളിചെയ്തു. അപ്പോൾ മനസ്സിന്റെ സംശയം അവരിൽ നിന്ന് നീങ്ങി. അവരുടെ വിശ്വാസക്കുറവും പോയി. ജ്ഞാനം നിറഞ്ഞവരായി സുവിശേഷിപ്പാൻ ഒരുങ്ങി. തോമ്മാ അട്ടഹസിച്ചു എന്റെ കർത്താവും ദൈവവുമെന്നു അവർ ബോധിച്ചു. ശീമ്മോൻ നിന്റെ പിതാവിൽ നിന്നും പഠിച്ച പ്രകാരം നീ ദൈവപുത്രനെന്നു

St. Mary's Knanaya Church Tampa

പ്രസംഗിപ്പാൻ ആരംഭിച്ചു. ആദിയിൽ വചനമുണ്ടായിരുന്നു എന്നാദിയായി യോഹന്നാനും എഴുതി. അവരെല്ലാവരും ഒരാത്മാവിനെ പാനം ചെയ്തു. ദൈവത്വത്തിന്റെ ഉറവയിൽ നിന്നും പകർന്നെടുത്ത് പുതിയ പാനീയം എല്ലാവരെയും കുടിപ്പിച്ചു. നിന്നെ കണ്ടു വിശ്വസിച്ചവർക്കുമാത്രമല്ലാ, പ്രത്യക്ഷ ദൃഷ്ടിയാൽ നിന്നെ കാണാതെ വിശ്വസിച്ചവർക്ക് നീ ഭാഗ്യം കൊടുത്തു. നിത്യവും മനോദൃഷ്ടിയാൽ നിന്നെകാണുന്ന വിശ്വാസികളായ ഞങ്ങളെ എല്ലാവരെയും ഈ ഭാഗ്യത്തിനർഹന്മാരാക്കണമെ. അശേഷവും സംശയിക്കാതെ വിശ്വാസത്താൽ നിന്നെ ഞങ്ങൾ ശോധനചെയ്യുന്നു. നീ ദൈവവും, ദൈവപുത്രനും, സ്വയം ഭൂവിൽ നിന്നുള്ള സ്വയംഭൂവും അനാദ്യന്തയിൽ നിന്നുള്ള അനാദ്യന്തനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ആകുന്നു. നീ മനുഷ്യനായി എങ്കിലും സർവ്വശക്തനായ ദൈവമാകുന്നു. നീ ഞങ്ങളുടെ സ്വഭാവത്തോടു യോജിച്ചു അതുകൊണ്ടു നിന്റെ ദൈവസ്വഭാവം വെടിഞ്ഞതുമില്ല. നീ ഭേദഗതിയില്ലാത്ത സർവ്വേശ്വരനാകുന്നു. സകലത്തിനും നീ പ്രാപ്തനാകുന്നു. ശരീരിയായി നീ കാണപ്പെട്ടപ്പോഴും നിന്നെ ദൈവമെന്നു ഗ്രഹിച്ചു. നീ കുരിശിൽ മരിച്ചപ്പോഴും സൃഷ്ടിയുടെ കർത്താവായി അറിഞ്ഞു. നീ ദൈവമാകുന്നു എന്ന് ഊമപ്രകൃതിയും ഞങ്ങളോടൊന്നിച്ചു പ്രസംഗിച്ചു. ഇനി ആർ സംശയിക്കും. നിന്നിൽ സംശയിക്കുന്നവൻ ലജ്ജധരിച്ചു നാണിക്കേണ്ടി വരും. തോമ്മാ നിന്നെ തൊട്ടുനോക്കിയപ്പോൾ ദൈവമെന്ന് നിന്നെ ഏറ്റുപറഞ്ഞു. അവന്റെ സാക്ഷീകരണത്തെ സ്ഥാപിച്ചതല്ലാതെ നിരസിച്ചില്ല. ഇപ്പോൾ എന്നെ കണ്ടതുകൊണ്ടു നീ വിശ്വസിച്ചു എന്നു നീ അരുളിച്ചെയ്തു. ആകയാൽ ഞങ്ങളുടെ സത്യ ദൈവമെ! നിന്നോടു ഞങ്ങൾ യാചിക്കുന്നു. നിന്റെ കൃപയും നിന്റെ കരുണയും മഹാനിധിയും ഞങ്ങൾക്ക് നൽകണമെ. ഞങ്ങളുടെ ദുഷ്ടത നിമിത്തം നിന്റെ രാജ്യത്ത് നിന്ന് ഞങ്ങളെ അന്യന്മാരാക്കരുതെ. ഞങ്ങൾ മണ്ണും ഭൗമീകരും നീതി ഇല്ലാത്തവരും അധർമ്മികളും തെറ്റുകാരും അനുസരണമില്ലാത്ത മക്കളുമാകുന്നു. കാരുണ്യവാനായ കർത്താവെ! ഞങ്ങളോടു മനസ്സലിയണമെ. ദയാലുവും ദീർഘക്ഷമയുള്ളവനുമെ! ഞങ്ങളോടു ദയ ചെയ്യണമെ. നല്ല ഇടയനെ! നിന്റെ ആട്ടിൻപറ്റത്തിൽ ദയ ചെയ്യണമെ. നിന്റെ തിരുനാമത്തെ പ്രതി കൂടിയിരിക്കുന്ന ആടുകളോടും കുഞ്ഞാടുകളോടും കൃപ ചെയ്യണമെ. ഭരണം നടത്തുന്ന പ്രധാനാചാര്യന്മാരെ നീതിയിൽ കാത്തുകൊള്ളണമെ. ഞങ്ങളുടെ പള്ളികളിലെ പട്ടക്കാർക്ക് വിശുദ്ധി കൊടുക്കണമെ. ശെമ്മാശന്മാർക്ക് വിനയം നൽകണമെ. ധനവാന്മാരെ ദാനങ്ങളാൽ അലങ്കരിക്കണമെ. മുട്ടുള്ളവരുടെ കുറവിനെ പരിഹരിക്കണമെ. പൈതങ്ങളെ നിന്റെ ജ്ഞാനത്തിൽ വളർത്തണമെ. വാർദ്ധക്യ ക്ഷീണത്തിലിരിക്കുന്നവരെ തുണയ്ക്കണമെ. യുവാക്കന്മാരുടെ ജീവിതത്തെ

St. Mary's Knanaya Church Tampa

ക്രമീകരിക്കണമെ. വിവാഹിതരെ വിശുദ്ധിയാൽ ആദരിക്കണമെ. സംവത്സരത്തെ അനുഗ്രഹ സമൃദ്ധമാക്കണമെ. ദാഹിച്ചിരിക്കുന്ന ഭൂമിയെ നനയ്ക്കണമെ. അതിന് കുളിർമഞ്ഞു അയയ്ക്കണമെ. മേടമാസം ഞങ്ങൾക്കു സന്തോഷകരമായ മാസമാകണമെ. കമനീയ പുഷ്പങ്ങളാൽ ഭൂമി അലംകൃതമാകണമെ. വിത്തുകൾ നൂറായി ഫലം പുറപ്പെടുവിക്കണമെ. സാധുക്കൾ ഭക്ഷിച്ചു സ്തു തിക്കുമാറാകണമെ. അനാഥരും നിസ്സഹായികളും സംതൃപ്തരായി സ് തുതിക്കണമെ. വിശ്വാസികളുടെ കൂട്ടം സന്തോഷിച്ച് ഉല്ലസിക്കണമെ. നിന്റെ മനുഷ്യാവതാരത്തിന്റെ രക്ഷാകരമായ പെരുനാളുകളെ സന്തോഷത്തോടെ കൊണ്ടാടണമെ. സമൃദ്ധിയായ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നും അവർ കരുണയും പ്രീതിയും കൈക്കൊണ്ട് നീതീകരണവും വിമോചനവും പ്രാപിക്കണമെ. കബറിലുള്ള മരിച്ചുപോയവർ കരുണ കൈക്കൊണ്ട് സ്തുതി പാടുമാറാകണമെ. അവരിൽ കരുണാമഞ്ഞു പൊഴിയണമെ. നിന്റെ പരിശുദ്ധ നാമവും വന്ദ്യനായ നിന്റെ പിതാവും നിന്റെ പരിശുദ്ധ റൂഹായും ഇപ്പോഴും എല്ലായ്പ്പോഴും മഹത്വീകരിക്കപ്പെട്ട് സ്തുതിക്കപ്പെട്ട് പുകഴ്ത്തപ്പെടുമാറാകണമെ. ഠഹാശോ

# St. Mary's Knanaya Church Tampa